6

# വീണ്ടെടുത്തു

## (1:7, 8)

എല്ലാ വൻകരകളിലും, എല്ലാ രാജ്യങ്ങളിലും, എല്ലാ പട്ടണങ്ങളിലും, എല്ലാ കുടുംബങ്ങളിലും, ആളുകൾ ആഘോഷ സമയങ്ങളിൽ ഒത്തുചേരുന്നു. ഉദാഹരണമായി, ആളുകൾ ജന്മദിനങ്ങളും വാർഷികങ്ങളും ആഘോഷിക്കുന്നു. നാം അലങ്കരിക്കും. നാം കാർഡുകളും സമ്മാനങ്ങളും വാങ്ങും. ആഘോഷങ്ങളെയും അതിൽ ആരെല്ലാം പങ്കെടുത്തു എന്നു ഓർമ്മിക്കുന്നതിനും ഫോട്ടോയും വീഡിയോയും നാം എടുക്കും.

ഒരു ദേശം എന്ന നിലയിൽ, അമേരിക്ക വിവിധ ഒഴിവു ദിവസങ്ങൾ ആഘോഷിക്കും - ഓർമ്മ ദിവസം, സ്വാതന്ത്ര്യ ദിനം, തൊഴിൽ ദിനം, സ്തോത്ര ദിനവും ആഘോഷിക്കും. ഈ ആഘോഷങ്ങളിൽ കുടുംബം, സ്നേഹിതർ, വിനോദയാത്ര, വെടിക്കെട്ട്, പ്രദക്ഷിണങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ പ്രത്യേക സന്ദർഭങ്ങളിൽ കൂടി ഒരു ദേശമായി ഞങ്ങൾ എവിടെയായിരുന്നു; എന്താണ് ഞങ്ങളെ ഇവിടെ എത്തിച്ചത്; ഞങ്ങൾ എന്തിനു വേണ്ടി നിലകൊള്ളുന്നു; എങ്ങനെ ഞങ്ങൾ ചരിത്രത്തിന്റെ ഭാഗമാകുന്നു എന്നും നാം ഓർമ്മിക്കുന്നു.

നാം ബൈബിളിലേക്കു വരുമ്പോൾ, ഏറ്റവും വലിയ ആഘോഷം ദൈവം യേശുക്രിസ്തു മുഖാന്തരം നമുക്കുവേണ്ടി ചെയ്തതാണെന്നു കണ്ടെത്തുവാൻ കഴിയും. ദൈവജനത്തിന്റെ എല്ലാ പരസ്യമായ കൂടിവരവു യോഗത്തിലും ക്രിസ്തു ആരാണെന്നും അവൻ നമുക്കുവേണ്ടി ചെയ്തതെന്താണെന്നും ഓർത്തു മഹത്തായ രീതിയിൽ ആഘോഷിക്കുകയാണ്.

ക്രിസ്തുവിൽ നമുക്കു ദൈവം തരുന്ന എല്ലാറ്റിനും പുകഴ്ച്ചയുടെ ആഘോഷം നടത്തിക്കൊണ്ടാണ് എഫെസ്യ ലേഖനത്തിലെ ആദ്യ വാക്കുകൾ പൗലൊസ് എഴുതുന്നത്. നമുക്കു 1:3-14 ലെ ഒരു വരിയിൽ ആ ആഘോഷം ഉൾക്കൊള്ളുന്നതായി കാണാൻ സാധിക്കും.

പുകഴ്ച്ചയുടെ "കാഹളധ്വനിയുമായി" പൗലൊസ്, ദൈവം നമുക്കു തരുന്ന ക്രിസ്തുവിലുള്ള എല്ലാ ആത്മിയാനുഗ്രഹങ്ങളേയും എടുത്ത് ആഘോഷിക്കുകയാണ് (1:3). ക്രിസ്തുവിൽ അവന്റെ ജനമാകുവാൻ നമ്മെ തിരഞ്ഞെടുത്തതു അവൻ ആഘോഷിക്കുന്നുണ്ട് (1:4). ദൈവം തന്റെ മക്കൾ ആകുവാൻ ദത്തെടുത്തതും പൗലൊസ് ആഘോഷിക്കുന്നുണ്ട് (1:5). ക്രിസ്തുവിൽ നമുക്കു സൗജന്യമായി നല്കുന്ന കൃപയെയും അവൻ ആഘോഷിക്കുന്നു (1:6).

പിന്നെ നാം അതിവിശിഷ്ടമായ ഈ പ്രസ്താവനയിലേക്കു വരുന്നു: "അവനിൽ [ക്രിസ്തു] നമുക്കു അവന്റെ രക്തത്താൽ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുണ്ട്, അത് അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം, സകല ജ്ഞാനവും വിവേകവുമായി നല്കി

യിരിക്കുന്നു....” (1:7, 8).

*ക്രിസ്തുവിൽ നാം വീണ്ടെടുക്കപ്പെട്ടതുകൊണ്ടു നാം ആഘോഷിക്കുന്നു.* എങ്ങനെയാണ് ഈ ആഘോഷം വെളിപ്പെടുത്തിയത്?

## വീണ്ടെടുപ്പിന്റെ അർത്ഥത്തെ നാം ആഘോഷിക്കുന്നു

“അവനിൽ അവന്റെ രക്തം മുഖാന്തരം നമുക്ക് വീണ്ടെടുപ്പു ഉണ്ട്, ...” (1:7). പൗലൊസ് ക്രിസ്തുവിലുള്ള വീണ്ടെടുപ്പിനെ ആഘോഷിക്കുന്നുണ്ട്, പക്ഷെ “വീണ്ടെടുപ്പ്” എന്നാൽ അവൻ അർത്ഥമാക്കിയത് എന്തായിരുന്നു? രണ്ടു വാക്കുകൾ ഓർമ്മിക്കുക: “അവസ്ഥ” എന്നതും “വില” എന്നതും.

വീണ്ടെടുപ്പു നമ്മെ വീണ്ടെടുക്കുന്നതിനു മുൻപുള്ള നമ്മുടെ *അവസ്ഥയെ* സൂചിപ്പിക്കുന്നുണ്ട്. ഒരു വ്യാഖ്യാതാവു ഈ നിരീക്ഷണം നടത്തി: “മറ്റൊരാൾക്കുണ്ടായിരുന്ന ഒരു വസ്തുവിനെ അല്ലെങ്കിൽ വ്യക്തിയെ സ്വതന്ത്രമാക്കുന്ന ആശയമാണ് അടിസ്ഥാനപരമായി വീണ്ടെടുപ്പു നല്കുന്ന ആശയം.”[1]

പഴയ നിയമത്തിൽ, വീണ്ടെടുപ്പു എന്നതു ഒരു അടിമയെ സ്വതന്ത്രമാക്കുവാൻ കൊടുക്കുന്ന വിലയാണ്. മിസ്രയിം അടിമത്വത്തിൽ നിന്നു യിസ്രായേൽ ജനത്തെ ദൈവം വിടുവിച്ചു കൊണ്ടു വന്നതും വീണ്ടെടുപ്പു തന്നെയായിരുന്നു. വീണ്ടെടുപ്പു എന്നാൽ മുക്തമാക്കൽ അല്ലെങ്കിൽ മറ്റൊരാളുടെ നിയന്ത്രണത്തിൽ നിന്നു സ്വതന്ത്രമാക്കുക എന്നാണർത്ഥം. “പാപത്തിനു ദാസനായി വില്ക്കപ്പെട്ടവൻ” എന്നു പൗലൊസ് എഴുതി (റോമർ 7:14). നാം ക്രിസ്തുവിൽ ആകുന്നതിനു മുൻപു നമ്മുടെ അവസ്ഥയെ ഓർമ്മിപ്പിക്കുന്നതാണ് വീണ്ടെടുപ്പു. പാപം ആയിരുന്നു നമ്മുടെ യജമാനൻ.

വീണ്ടെടുപ്പിന്റെ അർത്ഥം നാം മനസ്സിലാക്കുവാൻ, നമ്മുടെ മുമ്പത്തെ പാപത്തിലായിരുന്ന അവസ്ഥ നാം മനസ്സിലാക്കണം. അതിനോടൊപ്പം നമ്മെ അവിടെ നിന്നും മോചിപ്പിക്കുവാൻ എന്തു ചെയ്തു എന്നും നാം അറിയേണ്ടതുണ്ട്. എന്തായിരുന്നു വീണ്ടെടുപ്പിന്റെ *വില?* പൗലൊസ് പറഞ്ഞു, “*അവന്റെ രക്തത്താൽ* നമുക്കു വീണ്ടെടുപ്പു ഉണ്ട്, ...” വീണ്ടെടുപ്പു വില കുറഞ്ഞതായിരുന്നില്ല. അതിന്റെ ഉയർച്ചക്ക് അനുസരിച്ചു വിലയും കൂടും. “അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കേണ്ടതിനാണ്” താൻ വന്നത് എന്നു യേശു പറയുകയുണ്ടായി (മർക്കൊസ് 10:45). പത്രൊസ് പറഞ്ഞു, “വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു, നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ” (1 പത്രൊസ് 1:18, 19).

എബ്രായ ലേഖകൻ പറയുന്നതു “ക്രിസ്തു സ്വന്ത രക്തത്താൽ തന്നേ, വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു, എന്നേക്കുമുള്ള വീണ്ടെടുപ്പു സാധിപ്പിച്ചു” എന്നാണ് (9:12). നമുക്കു ഊഹിക്കാവുന്നതിലും വലിയ വില വേണ്ടി വന്നു നമ്മെ വീണ്ടെടുക്കുവാൻ - അത് ദൈവപുത്രന്റെ മൃഗീയമായ മരണം ആയിരുന്നു.

ലോകത്തിന്റെ ചില ഭാഗത്തു യുദ്ധം നടക്കുന്നതു പ്രക്ഷേപണം ചെയ്യുമ്പോൾ അതു കണ്ടു ഹൃദയ വേദനയോടെ ഇരിക്കുവാനല്ലാതെ

മറ്റൊന്നും ചെയ്യുവാൻ നമുക്കു സാധ്യമല്ല. എന്തു സംഭവിക്കുമെന്നു പ്രതീക്ഷിക്കുവാൻ പറ്റാതെയാണ് ആളുകൾ ഓരോ ദിവസവും രാവിലെ എഴുന്നേല്ക്കുന്നത്. കുടുംബാംഗങ്ങൾ അടുത്ത ദിവസം വീണ്ടും തമ്മിൽ കാണുമോ എന്ന ചിന്തയോടെയാണ് കിടക്കയിലേക്കു പോകുന്നത്. അതൊരു ഭീതിജനകമായ സാഹചര്യമായിരുന്നു. എന്നെ പോലെയുള്ളവർ സ്വതന്ത്രരാക്കപ്പെട്ടപ്പോൾ സ്വാതന്ത്ര്യത്തേയും സുരക്ഷിതത്വത്തേയും അഭിനന്ദിക്കുന്നു. വലിയ വില കൊടുത്തതിന്റെ ഫലമാണ് ഞാനും മറ്റുള്ളവരോടൊത്തു അനുഭവിക്കുന്നത്. അമേരിക്കൻ യുദ്ധത്തിൽ മരിച്ച 160,000 പേരെ അടക്കിയ, ആർലിങ്ടൻ നാഷ്ണൽ സെമിത്തേരിയിൽ, വെള്ള ക്രൂശുകൾ നിരനിരയായി കാണുന്നതു സ്വാതന്ത്ര്യത്തിനു വില കൊടുത്തതിന്റെ ഓർമ്മകളാണ്.

യേശു തന്റെ ജീവൻ നമുക്കുവേണ്ടി നല്കി. അവൻ കാൽവരിയിലേക്കു പോയില്ലായിരുന്നെങ്കിൽ, നമ്മിൽ ആർക്കും പ്രത്യാശ ഉണ്ടാകുമായിരുന്നില്ല. നമ്മുടെ വീണ്ടെടുപ്പിനു അവൻ വില കൊടുത്തു. അവനാണ് നമ്മുടെ വീണ്ടെടുപ്പുകാരൻ.

ഈ സത്യത്തെ നാം എന്തു ചെയ്യും? അതു വെറുതെ നമ്മുടെ മനസ്സിൽ സൂക്ഷിക്കുക മാത്രമാണോ നാം ചെയ്യുന്നത്? അതിനെ കുറിച്ചു പാടുക മാത്രമാണോ ചെയ്യുന്നത്? ചിലപ്പോഴൊക്കെ നാം അത് ഓർക്കുക മാത്രമാണോ? വീണ്ടെടുപ്പിന്റെ സത്യം നമ്മുടെ ജീവിതത്തിൽ വലിയ പ്രകടമായ മാറ്റം വരുത്തുവാൻ യേശു ആഗ്രഹിക്കുന്നു. നാം എങ്ങനെ ആയിതീരണമെന്ന് ദൈവം എല്ലായ്പ്പോഴും ആഗ്രഹിക്കുന്നുവോ അതിനാണ് അവൻ നമ്മെ വീണ്ടെടുത്തത് - അവനെ ആദരിക്കുകയും, അനുസരിക്കുകയും, അവനെ സ്നേഹിക്കുകയും, അവനെ ആസ്വദിക്കുകയും, പുകഴ്ത്തുകയും ചെയ്യുന്ന ജനമാകുവാനാണ്. ഞാൻ ഈ പദ്ധതിക്ക് എതിരായി പാപം ചെയ്യുമ്പോൾ, അവൻ ക്രൂശിൽ മരിച്ചില്ല എന്ന ഭാവത്തിൽ; അതിനു യാതൊരു അർത്ഥവുമില്ലാത്ത നിലയിൽ; അതു പരിഗണിക്കേണ്ട കാര്യമല്ല എന്നു വിധത്തിൽ; കൂടാതെ അവൻ രക്തം ചിന്തി എനിക്കുവേണ്ടി മരിച്ചത് ഒരു പ്രശ്നമേ അല്ല എന്ന വിധത്തിലുമാണ് ഞാൻ ജീവിക്കുന്നത്.

യേശു തന്റെ ജീവൻ വിലയായി കൊടുത്തതു ദൈവം നമ്മെ എവിടെ എത്തിക്കുവാൻ ആഗ്രഹിച്ചുവോ അവിടെ എത്തിക്കുവാനാണ് - അതായത് നരകത്തിൽ നിന്നു സ്വർഗ്ഗത്തിലേക്ക് പോകുവാൻ നമ്മെ ഒരുക്കുന്നതിനാണ്.

## വീണ്ടെടുപ്പിന്റെ ഫലത്തെയാണ് നാം ആഘോഷിക്കുന്നത്

“അവനിൽ നമുക്ക് അവന്റെ രക്തത്താൽ, *അതിക്രമങ്ങളുടെ മോചനം* എന്ന വീണ്ടെടുപ്പുണ്ട്, ...” (1:7; എംഫസിസ് മൈൻ). വീണ്ടെടുപ്പിന്റെ ഫലമാണ് പാപങ്ങളുടെ മോചനം.

“മോചനം” എന്ന നാമം (ഗ്രീക്ക്.: *അഫേസിസ്*) ഒരു ക്രിയയിൽ നിന്നാണ് വരുന്നത് അതിനർത്ഥം “ദൂരെ അയക്കുക, ലേലം ചെയ്തു മാറ്റുക.” ദൈവം നമ്മുടെ പാപങ്ങളെ ദൂരെ മാറ്റുന്നു. അവ പിന്നെ ഒരിക്കലും ദൈവത്തിനും നമുക്കും മദ്ധ്യേ ഉണ്ടാകുകയില്ല.

പഴയ നിയമ കാലത്തു ജീവിച്ചിരുന്നവർക്കു ബലിയാടുണ്ടായിരുന്നു. പ്രായശ്ചിത്ത ദിവസം, മഹാപുരോഹിതന്റെ കൈ മൃഗത്തിന്റെ മേൽ വെച്ചു

ആലങ്കാരികമായി സകല ജനത്തിന്റേയും പാപം അതിന്മേലേക്കു മാറ്റുന്നു. പിന്നെ ആ ആടിനെ മരുഭൂമിയിൽ ഏറ്റവും ഉള്ളിൽ വീണ്ടും പാളയത്തിലേക്കു മടങ്ങിവരാതവണ്ണം വിടും. ആടു പോയതുപോലെ, അവരുടെ പാപങ്ങളും പോയി (ലേവ്യാപുസ്തകം 16).

യേശു നമ്മുടെ ബലിയാടായി. നമ്മുടെ കുറ്റത്തെ അവൻ ഏറ്റുകൊണ്ടു നമ്മുടെ ശിക്ഷ അവൻ ഏറ്റു വാങ്ങി:

> ... എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി (യെശയ്യാവു 53:6).
>
> പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കുവേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:21).
>
> ... അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, ... (1 പത്രൊസ് 2:24).

ഒരു കൂട്ടം ആളുകളോടു അവരുടെ മതപരമായ വിശ്വാസത്തെ കുറിച്ചു ചോദിക്കുകയുണ്ടായി.[2] സ്വർഗ്ഗത്തെ കുറിച്ചും നരകത്തെ കുറിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കയുണ്ടായി. പ്രതികരിച്ചവരിൽ ഉണ്ടായിരുന്ന പൊതുവായ കാഴ്ച്ചപ്പാടിൽ ഒന്ന് ഇതായിരുന്നു: *നിങ്ങൾ എത്രത്തോളം നല്ലവനായിരിക്കുന്നുവോ അതിനെ ആസ്പദമാക്കിയാണ് നിങ്ങൾ നിത്യത ചെലവഴിക്കുന്നത്.* മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരാൾ കുഴപ്പങ്ങളിൽ നിന്നു വിട്ടുതിരിഞ്ഞു, ഉത്തരവാദിത്വങ്ങളെല്ലാം നിർവ്വഹിച്ചു, ആളുകളോടെല്ലാം നന്നായി പെരുമാറി, മോശമായതിനേക്കാൾ കൂടുതൽ അയാളെ കുറിച്ചു നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചാൽ, അയാൾ സ്വർഗ്ഗത്തിൽ പോകും.

*ആ ആശയം ബൈബിളിൽ കാണുന്നില്ല!* ബൈബിൾ പറയുന്നതു നാം ആരും സ്വർഗ്ഗത്തിൽ പോകുവാൻ തക്കവണ്ണം നല്ലവരല്ല എന്നാണ്: “നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല” (റോമർ 3:10); “എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു” (റോമർ 3:23); “പാപത്തിന്റെ ശമ്പളം മരണം അത്രെ” (റോമർ 6:23).

സൽപ്രവൃത്തികൾ കൊണ്ടു ആളുകൾക്ക് സ്വർഗ്ഗത്തിൽ പോകുവാൻ സാധ്യമല്ല എന്നു ആ മൂന്നു വാക്യങ്ങൾ മാത്രം എടുത്താൽ തെളിയും. നിങ്ങളുടെ സ്കൂളിൽ നിങ്ങൾ എത്ര നല്ല വിദ്യാർത്ഥി ആയാലും, ഒരു മാതൃകാ വ്യക്തിയായി നിങ്ങൾ അംഗീകരിക്കപ്പെട്ടാലും, അല്ലെങ്കിൽ നിങ്ങളുടെ ഇടവകയിൽ കരുതലും മനസ്സലിവും ഉള്ള വ്യക്തിയായി നിങ്ങൾ അറിയപ്പെട്ടാലും അതൊന്നും കണക്കാക്കേണ്ടതില്ല. അടിസ്ഥാനപരമായി നിങ്ങൾ നല്ലവനായി അറിയപ്പെടുന്നതുകൊണ്ട് നിങ്ങൾക്കു സ്വർഗ്ഗത്തിൽ പോകുവാൻ സാദ്ധ്യമല്ല. നന്മ നമ്മെ സ്വർഗ്ഗത്തിലെത്തിക്കുകയില്ല. നമ്മിൽ ആർക്കും അത്രത്തോളം നല്ലവരാകുവാൻ സാധ്യമല്ല. നമ്മുടെ പാപങ്ങൾ അതിൽ കാണത്തക്കവണ്ണം ഉള്ളതാണ്.

ആദ്യത്തെ പ്രാവശ്യം ഞാൻ പാപം ചെയ്തതുകൊണ്ടും, ആദ്യത്തെ പ്രാവശ്യം നിങ്ങൾ പാപം ചെയ്തതുകൊണ്ടും, നല്ലതായി സ്വർഗ്ഗത്തിലേക്കു പോകുന്നത് അത് അസാധ്യമാക്കി തീർക്കുന്നു. ഒരു പാപിയുടെ “പാപത്തെ –

മാറ്റുവാൻ" നമുക്ക് ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

മറ്റുള്ളവർക്കു നാം എത്രത്തോളം നന്നായി തോന്നിയാലും, ദൈവ മുൻപാകെ നാം സ്വീകാര്യമാവുകയില്ല. നമുക്ക് നമ്മെ ദൈവമുൻപാകെ സ്വീകാര്യമാക്കുവാൻ കഴിയുകയില്ല. നമ്മോടു ക്ഷമിച്ചുകൊണ്ടു ദൈവത്തിനു മാത്രമെ അങ്ങനെ ചെയ്യുവാൻ പറ്റൂ. അവൻ നമ്മുടെ പാപങ്ങളെ ദൂരീകരിച്ചുകൊണ്ടാണ് അതു ചെയ്യുന്നത്. അതുകൊണ്ടാണ് നാം വീണ്ടെടുപ്പിന്റെ ഫലം ആയ - പാപങ്ങളുടെ മോചനം ആഘോഷിക്കുന്നത്.

## വീണ്ടെടുപ്പിന്റെ അളവു<br>നാം ആഘോഷിക്കുന്നു

"അവനിൽ അവന്റെ രക്തത്താൽ, അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പു ഉണ്ട്, *അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം, സകലജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു"* (1:7, 8; എംഫസിസ് മൈൻ). നമ്മുടെ പാപമോചനത്തിന്റെ വിശാലതയും പൂർണ്ണതയും പൗലൊസ് ഉറപ്പിച്ചിരിക്കുന്നു. അവൻ നമ്മുടെ ജീവിതത്തിലേക്കു ഒഴുക്കുന്ന ദൈവകൃപയുടെ അതിരില്ലാത്ത അളവാണ് പാപമോചനത്തിന്റെ അതിര്.

തന്റെ കൃപാധനത്തിനൊത്തവണ്ണമാണ് ദൈവം നമ്മെ വീണ്ടെടുത്ത് നമ്മോടു ക്ഷമിക്കുന്നത്. ദൈവത്തിന് ഒരു ആനുപാതികമായ വീതമില്ല. ധാരാളം "വലിയ" പാപങ്ങൾ ചെയ്തു അത് അതിരു കവിയുവാൻ ഒരു മനുഷ്യനെ ദൈവം അനുവദിക്കുന്നില്ല. "എങ്കിലും പാപം പെരുകിയേടത്ത്, കൃപ അത്യന്തം വർദ്ധിച്ചു" (റോമർ 5:20). ദൈവത്തിന്റെ കൃപ എത്താത്ത സ്ഥിതിയിൽ പാപം ചെയ്യുവാൻ ഒരു മനുഷ്യനും സാധ്യമല്ല. നമ്മുടെ പാപങ്ങൾ അവന്റെ കൃപക്കു കൈകാര്യം ചെയ്യുവാൻ കഴിയാത്തവണ്ണം ഭയങ്കരമോ, ഒരിക്കലും അത്ര അസംഖ്യമോ ആകുന്നില്ല.

സത്യം ഇതാണ്: എത്ര കഠിനമായി ശ്രമിച്ചാലും നന്മ കൊണ്ടു നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പോകുവാൻ സാധ്യമല്ല; എങ്ങനെയായാലും, അവിശ്വസനീയ പാപമാണ് ചെയ്തതെങ്കിലും യേശുവിൽ നിങ്ങൾ ആശ്രയിച്ചാൽ ആ പാപം കൊണ്ട് നിങ്ങളെ സ്വർഗ്ഗത്തിൽ നിന്നകറ്റുകയില്ല.

വായനക്കാരെ ഒന്നാം നൂറ്റാണ്ടിലെ ക്രൂശിലെ ക്രിസ്തുവിങ്കലേക്കും, അതിനുശേഷമുള്ള നിരവധി വർഷങ്ങളിലേക്കും, കൊണ്ടു പോകുന്ന വിധത്തിൽ തോം ലെമൺസ് എന്ന എഴുത്തുകാരൻ ഒരു നോവൽ എഴുതി. അതിലെ മുഖ്യകഥാപാത്രമായ ലിനസ് എന്ന ആശാരിയെ ഒരു രാത്രിയിൽ പരുഷമായി എഴുന്നേല്പ്പിക്കുകയും നസ്രേത്തുകാരനും വിപ്ലവകാരിയുമായ ഉപദേഷ്ടാവിനെ ക്രൂശിൽ തറക്കേണ്ടതിനു ഒരു കുരിശുണ്ടാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അവൻ അങ്ങനെ ചെയ്തു. പിന്നെ അതേ ദിവസം അവൻ കണ്ടത് നസ്രേത്തുകാരനായ യേശു അതേ ക്രൂശിൽ രക്തം ഒഴുകി മരിക്കുന്നതാണ്.

അവനിൽ കുറ്റബോധം കവിഞ്ഞൊഴുകി. അവൻ യെരുശലേം വിട്ടോടി സത്യവും ജീവനും അന്വേഷിക്കുവാൻ തുടങ്ങി. വർഷങ്ങൾ കഴിഞ്ഞിട്ടും, മരിച്ചുകൊണ്ടിരുന്ന ആ ഗലീലക്കാരൻ ഗുരുവിന്റെ ഓർമ്മ അവനെ വേട്ടയാടിക്കൊണ്ടിരുന്നു. ലിനസ് തർസൊസുകാരനായ, ശൗൽ എന്നൊരാളെ കണ്ടുമുട്ടി. അവരുടെ സാങ്കല്പിക കണ്ടുമുട്ടലിൽ, ലിനസും ശൗലും ഈ

സംഭാഷണം നടത്തി:

> "ഞാൻ കുറ്റമുള്ളവനാണ് – നേരിട്ടു അവന്റെ രക്തത്തിൽ കുറ്റമുള്ളവനായി! അവൻ നിരപരാധി ആണെന്നു, എനിക്കറിയാമായിരുന്നു, എന്നിട്ടും ഞാൻ –" അവനു സംസാരിക്കുവാൻ പോലും വാക്കുകൾ കിട്ടാതെ, അവന്റെ മനസ്സ് നിരപരാധിയുടെ രക്തത്തിൽ അലിഞ്ഞിരുന്നു...
>
> "അവനെ കൊന്ന ക്രൂശ് ഞാനാണ് ഉണ്ടാക്കിയത്," ഒടുവിൽ, മന്ദമായി ലജ്ജയോടും പരിഭ്രാന്തിയോടും പറഞ്ഞു. "എനിക്കറിയാമായിരുന്നു, എന്നിട്ടും ഞാൻ അതിനു സമ്മതിച്ചു –"
>
> ... ശൗൽ തന്റെ കൈമുട്ടിന്മേൽ ചാഞ്ഞിരുന്നു, "ആശാരിയേ, തീർച്ചയായും ഒന്നു വിചാരിച്ചാൽ നീ ചെയ്തതു ഞാൻ ചെയ്തതിനേക്കാൾ വലുതല്ല. ... എങ്കിലും നമുക്ക് അവന്റെ മരണത്തിൽ നിന്നു ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല. ലിനസേ, നീ മനസ്സിലാക്കുന്നുണ്ടോ? അവൻ പെസഹക്കുഞ്ഞാടായിരുന്നു, ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കു വേണ്ടിയും അറുക്കപ്പെട്ട കുഞ്ഞാട് – അതു മുൻപു ജീവിച്ചിരുന്ന ഏവർക്കും അല്ലെങ്കിൽ ഇനി ജീവിക്കുവാനിരിക്കുന്ന ഏവർക്കും ആയിരുന്നു."
>
> ലിനസിന്റെ കണ്ണിൽ നിന്നു ചൂടുള്ള കണ്ണുനീർ വീഴുവാൻ തുടങ്ങി. ആ കാഴ്ച്ച കാണുവാൻ കഴിയാതെ, സ്വയം സ്വീകരിക്കുവാൻ കഴിയാതെ, അവൻ തലയാട്ടി –
>
> "എന്റെ സ്നേഹിതാ, ഇത്തരത്തിൽ ചിന്തിക്കുക," ശൗൽ തുടർന്നു. "നിങ്ങൾ അവന്റെ മരണത്തിനു സംഭാവനയായി പ്രവർത്തിച്ചു എങ്കിൽ, അതു സർവ്വസൃഷ്ടിക്കും പുതിയ ജീവനുവേണ്ടിയുള്ള സംഭാവനയുമായിരുന്നു. ലിനസേ, നീ വെറുമൊരു ക്രൂശല്ല പണിതത്. നീ ഒരു യാഗപീഠവുമാണ് പണിതത്."[3]

ദൈവകൃപക്കു പരിഹരിക്കുവാൻ കഴിയാത്തത്ര ഭീകരമല്ല നമ്മുടെ പാപം എന്നു ഉറപ്പിക്കുകയാണ് ക്രൂശ്. തികച്ചും ദൈവപുത്രനായവനെ ആളുകൾ പിടിച്ചു, തുണിയുരിഞ്ഞ് അടിച്ചു, ഒരു സാധാരണ ക്രൂര കൃത്യം ചെയ്തവനെ പോലെ ഒരു മരക്കുരിശിൽ തൂക്കി കൊന്നു. യേശുവിനെ തരം താഴ്ത്തുവാനും, ഉപദ്രവിക്കുവാനും, നശിപ്പിക്കുവാനും കഴിയുന്നതെല്ലാം അവർ ചെയ്തു. എങ്കിലും അവരുടെ പാപങ്ങളേക്കാൾ വലുതായിരുന്നു ദൈവകൃപ. അവർ യേശുവിനോടു ചെയ്തതു ദൈവം ഏറ്റെടുത്തു അവന്റെ രക്തത്താൽ പാപമോചനം സാധ്യമാക്കി.

**ഉപസംഹാരം**

വീണ്ടെടുപ്പിന്റെ ആഘോഷത്തിൽ നിങ്ങൾ ചേർന്നിട്ടുണ്ടോ? നന്മ നിങ്ങളെ സ്വർഗ്ഗത്തിലെത്തിക്കുകയില്ല, എന്നോർക്കുക. സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള ഏക വഴി ക്രിസ്തുവിൽ ആകുക എന്നതാണ്. നിങ്ങൾ യേശുവിൽ ആണോ? നിങ്ങളുടെ ജീവിതം അവനിൽ സമർപ്പിക്കുക. അതു മറ്റൊരു ദിവസത്തേക്കു മാറ്റി വെക്കാതിരിക്കുക!

വീണ്ടെടുപ്പു ഇപ്പോഴും ഒരു യാഥാർത്ഥ്യമാണ്. പാപമോചനം ഇപ്പോഴും ലഭ്യമാണ്. കൃപ ഇപ്പോഴും ഒഴുകും.

കുറിപ്പുകൾ

[1]ഫ്രാൻസിസ് ഫൗൾക്സ്, *ദ എപ്പിസ്റ്റൽ ഓഫ് പോൾ ടു ദ എഫേഷ്യൻസ്*, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, റെവ. എഡി., ജെന. എഡി. ലിയോൺ മോറിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1989), 58.
[2]"ഹെൽസ് സോബർ കംബാക്ക്," *യു. എസ്. ന്യൂസ് & വേൾഡ് റിപ്പോർട്ട്* (25 മാർച്ച് 1991): 56. [3]തോം ലെമൺസ്, *വൺസ് അപ്പോൺ ഏ ക്രോസ്* (സിസ്റ്റേഴ്സ്, ഓറെജ്.: മൾട്ട്നോമാ ബുക്സ്, 1993), 304.